# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.T 2200 - 05/02/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് ആനുകൂല്യം

**ചോദ്യം** **ഉത്തരം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. വി. ഡി. സതീശൻ
ശ്രീ. അൻവർ സാദത്ത്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | എസ്.ബി.ടി.യിൽ നിന്നും വിദ്യാഭ്യാസ വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് ആനുകൂല്യം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതാണ്. |
| ബി | എസ്.ബി.ടി. വായ്പ കുടിശ്ശിക പിരിക്കുന്നത് റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിക്ക് കൈമാറി യത് മൂലം സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് ആനുകൂല്യം നിഷേധിക്കപ്പെടുന്നുണ്ടോ; എങ്കിൽ ഇത് ന്യായീകരിക്കാവുന്ന താണോയെന്നറിയിക്കുമോ; | മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പ |

| | | |
|---|---|---|
| സി | ബാങ്കേഴ്സ് കമ്മിറ്റിയിൽ റിലയൻസ് കമ്പനി ഇല്ലാത്തതുമൂലം റിലയൻസിനോട് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്ക് യാതൊരു നിർദ്ദേശവും നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ, വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് എപ്രകാരം പരിഹരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | രിഗണിക്കാൻ കഴിയുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്. |

**സെക്ഷൻ ഓഫീസർ**